# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 586

09-02-2016-ൽ മറുപടിക്ക്

## കാസർഗോഡ് - തിരുവനന്തപുരം അതിവേഗ റെയിൽ പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് - തിരുവനന്തപുരം അതിവേഗ റെയിൽ പാതയുടെ സാധ്യതാ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (എ) കാസർഗോഡ് - തിരുവനന്തപുരം അതിവേഗ റെയിൽ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് അതിവേഗ റെയിൽ കോർപ്പറേഷന് DMRC ലഭ്യമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 526 കി.മീറ്റർ ദൈർഘ്യമുള്ള ഒരു അതിവേഗ റെയിൽപ്പാതയാണ് വിഭാവനം ചെയ്യുന്നത്. 90 കി.മീറ്റർ ഉപരിതലങ്ങളിലും 297 കി.മീറ്റർ തൂണിന് മുകളിലും 126 കി.മീറ്റർ ഭൂമിക്കടിയിൽ കൂടിയുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ആവശ്യത്തിലേക്കുള്ള ട്രാക്കിന് 20 മീറ്റർ വീതിയിൽ സ്ഥലം ആവശ്യമാണ്. പാതയുടെ റൂട്ട്, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ നിശ്ചയിക്കാൻ സാധിക്കുകയുള്ളു. ഡി.എം.ആർ.സി.യാണ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നത്. സർവ്വേ ജോലികൾ തടസ്സപ്പെട്ടതുകാരണം പ്രതീക്ഷിച്ച സമയത്ത് പദ്ധതി രൂപരേഖ തയ്യാറാക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി സർവ്വേ ജോലികൾ പൂർത്തീകരിച്ച് പദ്ധതിരേഖ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവുവരും എന്നും ഈ പണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ ;

(ബി) 2011-ലെ പ്രാരംഭ കണക്ക് പ്രകാരം തിരുവനന്തപുരം-കസർഗോഡ് പാതയ്ക്ക് 1.2 ലക്ഷം കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി ചെലവിലേക്കായി വിവിധ സാമ്പത്തിക സ്രോതസ്സുകൾ പരിഗണിച്ച് വരുന്നതേയുള്ളൂ.

(സി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്നും എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

(സി) 2011-12 സാമ്പത്തിക വർഷത്തിൽ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് 50 കോടി രൂപയും 2012-2013 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയും അനുവദിച്ചു. ഇതുവരെ ഡി.എം.ആർ.സി.ക്ക് ഡി.പി.ആർ തയ്യാറാക്കുന്നതിനായി 21 കോടി രൂപ നൽകിയതുൾപ്പെടെ മൊത്തം 23 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ